## ആമുഖം

'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിനിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈമഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ പ്രചാരണാർഥവും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ ആറാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെയും മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിനിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിനിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെയും കുടുംബത്തെയും സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് — ജനറൽ കൺവീനർ
10-12-2007



# ഇസ്വ്‌ലാഹീ പ്രസ്ഥാനം

**വി**ശുദ്ധ ഖുർആനും തിരുസുന്നത്തും അല്ലാഹുവിനെ എങ്ങനെ പരിചയപ്പെടുത്തിയോ അതേ രീതിയിൽ വിശ്വസിക്കുക, വേദഗ്രന്ഥത്തിലും പ്രവാചകചര്യയിലും തെളിഞ്ഞുകിടക്കുന്ന വിധിവിലക്കുകളും മാർഗനിർദേശങ്ങളും പൂർണമായി പിന്തുടരുക- ഇതായിരുന്നു സച്ചരിതരായ സ്വഹാബികളുടെ നിലപാട്. ആത്മാവിനെയും മനസ്സിനെയും ശരീരത്തെയും തിന്മകളിൽനിന്ന് മുക്തമാക്കുന്നതിൽ സ്വഹാബികൾ നേടിയ അനിതരമായ വിജയത്തിനു നിദാനം ദൈവികഗ്രന്ഥത്തോടും ദൈവദൂതന്റെ ജീവിതമാതൃകയോടും അവർ പുലർത്തിയ പ്രതിബദ്ധതയായിരുന്നു. പിൽക്കാലത്ത് നിർഭാഗ്യവശാൽ വിശ്വാസപരമായും ആചാരപരമായും മുസ്‌ലിംകൾ ഭിന്ന വീക്ഷാഗതിക്കാരായി മാറിയെങ്കിലും സഹാബികളുടെ സമീപനം ശരിയായിരുന്നുവെന്ന് തത്വത്തിൽ എല്ലാവരും അംഗീകരിക്കുന്നുണ്ട്. പക്ഷേ, സ്വഹാബികളുടെ നിലപാടിന്റെ മൗലികത എന്തായിരുന്നുവെന്നും, തങ്ങളുടെ വീക്ഷണഗതി അതിൽനിന്ന് വ്യത്യസ്തമായത് ഏതൊക്കെ ബിന്ദുക്കളിലാണെന്നും മനസ്സിലാക്കുന്നതിൽ വിവിധ മദ്ഹബുകളുടെയും അവാന്തര വിഭാഗങ്ങളുടെയും വക്താക്കൾ പരാജയപ്പെടുകയാണുണ്ടായത്.

മഹാന്മാരായ സ്വഹാബികൾ ശാഫിഈ മദ്ഹബുകാരോ ഹനഫീ മദ്ഹബുകാരോ ആയിരുന്നോ? നാലിലൊരു മദ്ഹബ് സ്വീകരിക്കാത്തവരൊക്കെ പിഴച്ചവരാണെന്ന് പ്രസംഗിച്ചു നടക്കുന്ന പണ്ഡിതന്മാർ ഒരു മദ്ഹബും സ്വീകരിക്കാതെതന്നെ യഥാർഥ മുസ്‌ലിംകളായി ജീവിച്ച സ്വഹാബികളെക്കൂടി ഫലത്തിൽ പിഴച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു എന്നതു മാത്രമല്ല പ്രശ്നം. സ്വഹാബിമാരുടെ മാതൃക സ്വീകരിച്ചുകൊണ്ട് വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ കുറ്റമറ്റ ഇസ്‌ലാമിക ജീവിതം നയിക്കുന്നതിൽനിന്ന് മുസ്‌ലിം സമൂഹത്തെ അവർ തടയുകകൂടി ചെയ്യുന്നു. ഇതിനെക്കാൾ ഗുരുതരമാണ് വിശ്വാസപരമായ കാര്യങ്ങളിൽ അശ്അരി- മാതുരിദി എന്നീ മദ്ഹബുകളിലൊന്ന് പിന്തുടരുന്നവർ മാത്രമേ യഥാർഥ മുസ്‌ലിംകളാവുകയുള്ളൂ എന്ന ഇക്കൂട്ടരുടെ ശാഠ്യം. ദൈവികഗ്രന്ഥത്തെയും പ്രവാചകവചനങ്ങളെയും വിശ്വാസത്തിന് ആധാരമാക്കുന്നതിനുപകരം തെറ്റുപറ്റാവുന്ന മനുഷ്യരുടെ വീക്ഷണങ്ങളെ വിശ്വാസത്തിന്റെ അടിത്തറയാക്കുന്നത് എത്രമാത്രം ബാലിശമാണെന്ന് അവർ ഗ്രഹിക്കുന്നില്ല.

ഖവാരിജ്, ശീഅ, മുഅ്തസിലഃ, സൂഫിയ്യാ വിഭാഗങ്ങളും അനിസ്‌ലാമിക ദർശനങ്ങളുടെ സ്വാധീന ഫലമായി മുസ്‌ലിം സമൂഹത്തിൽ വളർന്നു വന്ന അനേകം ചിന്താധാരകളും അടിസ്ഥാന പ്രമാണങ്ങളോടുള്ള പ്രതിബദ്ധത നഷ്ടപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഏതെങ്കിലും വ്യക്തിയുടെയോ വിഭാഗങ്ങളുടെയോ വീക്ഷണങ്ങൾക്ക് പ്രാമുഖ്യം നല്കുക, വിശുദ്ധ ഖുർആനും തിരുസുന്നത്തും അവയ്ക്കൊപ്പിച്ച് വ്യാഖ്യാനിക്കുക. ഇതാണ് ഇസ്‌ലാമിൽ ഭിന്നത പുലർത്തിയ എല്ലാവരും പൊതുവെ സ്വീകരിച്ച നയം. ഇസ്‌ലാം എന്താണ്, എന്തല്ല എന്ന് ഗ്രഹിക്കുന്നതിനുവേണ്ടി വിശുദ്ധ ഖുർആനും തിരുസുന്നത്തും പരിശോധിക്കുന്ന സമ്പ്രദായം തന്നെ മിക്കവാറും ഇല്ലാതെയായി എന്നതായിരുന്നു ഇതിന്റെ അനന്തരഫലം.

പ്രമാണവിരുദ്ധമായ വ്യതിയാനങ്ങളിൽനിന്ന് മുസ്‌ലിം സമൂഹത്തെ മോചിപ്പിക്കുവാനും മതത്തിന്റെ മൗലികാധ്യാപനങ്ങളെപ്പറ്റി ബോധവത്കരിക്കുവാനും വേണ്ടി പ്രതിബദ്ധതയുള്ള പണ്ഡിതന്മാരും പ്രബോധകന്മാരും കാലാകാലങ്ങളിൽ കിണഞ്ഞുശ്രമിച്ചിട്ടുണ്ട്. നബി(സ) നിര്യാതനായപ്പോൾ പ്രവാചകൻ മരിക്കുക അസംഭവ്യമാണെന്ന് പറഞ്ഞ് ബഹളമുണ്ടാക്കിയവരെ വസ്തുതകൾ ബോധ്യപ്പെടുത്തുകയും പലതരം വ്യതിയാനങ്ങൾ തടയുന്നതിനു നേതൃത്വം നല്കുകയും ചെയ്ത അബൂബക്ർ സിദ്ദീഖ്(റ) മുതൽ വർത്തമാനകാലത്തെ ഇസ്‌ലാഹീ പ്രവർത്തകർ വരെ ഈ ശ്രേണിയിൽ പെടുന്നു.

മുസ്‌ലിഹുകളായ പ്രബോധകന്മാരുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അവർ സ്വന്തം വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കാതെ അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും പ്രവാചകചര്യയിലേക്കും ജനങ്ങളെ തിരിച്ചു വിളിക്കുന്നതിനാണ് എക്കാലത്തും പ്രാമുഖ്യം നല്കിയത് എന്നതത്രെ. മറ്റുള്ളവർ ഇമാമുകളുടെയും മദ്ഹബുകളുടെയും പേരിൽ വാദകോലാഹലങ്ങൾ ഉയർത്തുമ്പോൾ മുസ്‌ലിഹുകളായ പണ്ഡിതന്മാർ അല്ലാഹുവിന്റെയും റസൂലി(സ)ന്റെയും വാക്കുകളെ വക്രത കൂടാതെ ആധാരമാക്കാൻ ആഹ്വാനം ചെയ്യുന്നു. ഏതെങ്കിലുമൊരു ഇമാമിനെ ബഹുമാനിക്കുകയും മറ്റൊരു ഇമാമിനെ അപമാനിക്കുകയും ചെയ്യുന്ന സങ്കുചിത സമീപനത്തിൽനിന്ന് എത്രയോ ഉയർന്നുനിൽക്കുന്ന ഈ നിലപാട് സത്യവിശ്വാസികൾക്ക് ഹൃദയവിശാലതയും ആശയ വ്യക്തതയും നല്കുന്നു. മുസ്‌ലിഹുകളായ പ്രബോധകന്മാരുടെ മറ്റൊരു പ്രത്യേകത അവർ മതത്തെ ഭൗതികമായ ലക്ഷ്യങ്ങളുമായി ബന്ധിപ്പിച്ചിരുന്നില്ല എന്നതാണ്. ജനങ്ങളുടെ ആദരവ്, ഭരണകൂടത്തിന്റെ അംഗീകാരം, ഉന്നതമായ പദവികൾ തുടങ്ങിയ പ്രലോഭനങ്ങളെ അതിജയിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതിയും പരലോകമോക്ഷവും സർവപ്രധാനമായി ഗണിക്കാൻ മനസ്സുകളെ പാകപ്പെടുത്തിയവരായിരുന്നു അവർ.

നബി(സ)യുടെ തൊട്ടടുത്ത ഏതാനും തലമുറകളിൽ മാത്രമാണ് ഭൂരിപക്ഷം മുസ്‌ലിംകൾ മൗലികവും പ്രാമാണികവുമായ നിലപാടിൽ ഉറച്ചുനിന്നത്. അതിനുശേഷം മിക്ക കാലഘട്ടങ്ങളിലും അല്ലാഹുവോടും റസൂലി (സ)നോടും തികഞ്ഞ ആത്മാർഥത പുലർത്തിയവർ ന്യൂനപക്ഷം മാത്രമായിരുന്നു. വിഭാഗീയതകൾക്കും കക്ഷിത്വങ്ങൾക്കും നേതൃത്വം നല്കുന്ന പുരോഹിതന്മാരോടും



സ്ഥാപിത താല്പര്യക്കാരായ ഭരണാധികാരികളോടും അന്ധമായ വിധേയത്വം പുലർത്തുന്നവരായിരുന്നു ഭൂരിപക്ഷം. ഈ നൂറ്റാണ്ടിൽ ലോകത്തുടനീളം അർപ്പണബോധത്തോടെ പ്രവർത്തനനിരതരായ ഇസ്‌ലാഹീ പ്രവർത്തകരുടെ ശ്രമഫലമായി കുറേയൊക്കെ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഒരു വലിയ വിഭാഗം മുസ്‌ലിംകൾ ഇപ്പോഴും നെല്ലും പതിരും തിരിച്ചറിയാൻ കഴിവില്ലാത്തവരായി തുടരുകയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ വ്യതിയാനം നേരിടാത്ത ആദ്യ തലമുറകളുടെ വിശ്വാസപരവും കർമപരവുമായ നിലപാടിലേക്ക് ഇന്നത്തെ തലമുറ തിരിച്ചുപോവുക അനിവാര്യമാണെന്നാണ് ഇസ്‌ലാഹീ പ്രസ്ഥാനം കരുതുന്നത്.

അല്ലാഹുവിന്റെ വിശേഷ ഗുണങ്ങൾ ആദ്യതലമുറകൾ മനസ്സിലാക്കിയിരുന്നത് വിശുദ്ധഖുർആനിൽ നിന്നായിരുന്നു. 'റഹ്മാൻ' (ഇഹലോകത്ത് എല്ലാ മനുഷ്യരോടും പരമമായ കരുണ കാണിക്കുന്നവൻ) 'റഹീം' (പരലോകത്ത് സജ്ജനങ്ങളോട് സവിശേഷമായ കരുണ കാണിക്കുന്നവൻ) 'റബ്ബുൽ ആലമീൻ' (ലോകരക്ഷിതാവ്) തുടങ്ങിയ വിശേഷണങ്ങളിലൂടെ അല്ലാഹുവിന്റെ മഹത്വം മനസ്സിലാക്കിയവർ അല്ലാഹുവല്ലാത്തവരുടെ കാരുണ്യമോ സംരക്ഷണമോ തേടിപ്പോകാൻ യാതൊരു സാധ്യതയുമില്ലായിരുന്നു. പില്കാലത്ത് ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെ ദുസ്സ്വാധീനം നിമിത്തം ദൈവശാസ്ത്രം വിശുദ്ധ ഖുർആനിൽനിന്ന് അടർത്തി മാറ്റപ്പെട്ടു. 'ഉള്ളവൻ' എന്ന വിശേഷണം അല്ലാഹുവിനു നിർബന്ധവും 'ഇല്ലാത്തവൻ' എന്ന വിശേഷണം അസംഭവ്യവുമാണ് എന്ന വരട്ടു തത്ത്വത്തിലൂടെ അല്ലാഹുവെ പരിചയപ്പെടുത്തുന്ന ഏർപ്പാടാണ് പിന്നീട് തുടങ്ങിയത്. പരമകാരുണികനായ ലോകരക്ഷിതാവിനെ മനസ്സിലാക്കേണ്ടതു പോലെ മനസ്സിലാക്കാൻ സഹായിക്കാത്ത വരട്ടു ദൈവശാസ്ത്രം ഇപ്പോഴും മദ്റസകളിലും ദർസുകളിലും ഒരു അനുഷ്ഠാനമെന്നോണം പഠിപ്പിക്കപ്പെടുന്നു. ആഗ്രഹസഫലീകരണത്തിന് അല്ലാഹുവല്ലാത്തവരെ തേടിപ്പോകാൻ അല്ലാഹുവിന്റെ മഹത്വത്തെ ശരിയായി പ്രതിഫലിപ്പിക്കാത്ത 'അഖീദഃ'(വിശ്വാസം)യും ഒരു പരോക്ഷ പ്രേരകമാണെന്നത് അനിഷേധ്യമാണ്.

പ്രാർഥിക്കപ്പെടാൻ അർഹൻ അല്ലാഹുമാത്രം. ഇതരരോടുള്ള പ്രാർഥനയൊക്കെ നിഷ്ഫലം (വി.ഖു.13:14); അല്ലാഹുവിനു പുറമെ പ്രാർഥിക്കപ്പെടുന്നവർക്കൊന്നും വിഷമനിവാരണത്തിന് കഴിവില്ല. (വി.ഖു.17:56); ആകാശങ്ങളിലും ഭൂമിയിലുമുള്ള ആരും അദൃശ്യകാര്യങ്ങൾ അറിയുകയില്ല; അല്ലാഹു ഒഴികെ. (വി. ഖു. 27:65) തുടങ്ങിയ ഖുർആനികതത്വങ്ങളൊക്കെ ഉണങ്ങിവരണ്ട ദൈവശാസ്ത്രത്തിന്റെ വക്താക്കളും യാഥാസ്ഥിതികരും 'അഖീദഃ'യിൽനിന്ന് ഒഴിവാക്കി. ക്രമേണ, വിശ്വാസപരവും കർമപരവുമായ കാര്യങ്ങളിൽ സത്യത്തിന്റെ മാനദണ്ഡമായി വിശുദ്ധ ഖുർആനിനെ പരിഗണിക്കുന്ന സമ്പ്രദായംതന്നെ ഉപേക്ഷിക്കപ്പെട്ടുതുടങ്ങി. ഖുർആനിനെയും ഹദീസിനെയും കേന്ദ്രീകരിച്ച് മതവിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് പകരം ഇമാമുകളുടെയും ശൈഖുകളുടെയും അല്ലാമമാരുടെയും അഭിപ്രായങ്ങൾക്ക് അലംഘ്യമായ പ്രാമാണികത കല്പിക്കപ്പെട്ടുതുടങ്ങി. ആദർശപരമായ ജീർണതയിലൂടെ കുറേക്കാലം പിന്നിട്ടതോടെ ഏത് അസംബന്ധവും പുലമ്പാൻ മടിക്കാത്തവർ മതനേതൃത്വം കയ്യടക്കി.

വിശുദ്ധ ഖുർആൻ സത്യസമ്പൂർണമാണെങ്കിൽ മുഹ്‌യിദ്ദീൻമാലയും സത്യസമ്പൂർണമാണെന്ന് വാദിക്കുന്നവരുണ്ടായി. പരേതാത്മാക്കളാണ് പ്രപഞ്ചത്തിന്റെ കൈകാര്യകർത്താക്കളെന്ന് ജല്പിക്കുന്നവരുണ്ടായി. അല്ലാഹുവോട് നേരിട്ടു പ്രാർഥിച്ചാൽ ‘ഫ്യൂസ്പോകു’മെന്ന് പറഞ്ഞ് പേടിപ്പിക്കുന്നവർ പോലുമുണ്ടായി! ഇസ്‌ലാമികപ്രമാണങ്ങൾക്ക് കടകവിരുദ്ധമായ ആശയങ്ങൾ തട്ടിവിട്ടശേഷം ‘ഉമ്മത്ത മുഹമ്മദ്’ എന്ന് ഈണത്തിൽ ചൊല്ലിയാൽ അതപ്പടി വിഴുങ്ങാൻ മാത്രം വിവരം കെട്ടവരായി മുസ്‌ലിം സമുദായം അധപ്പതിച്ചു.

ഒരു വിഭാഗം ഇങ്ങനെ ബഹുദൈവത്വപരമായ അന്ധവിശ്വാസങ്ങളുടെ ബലിയാടുകളായി അല്ലാഹുവിന്റെ ശാശ്വതശിക്ഷയ്ക്ക് അവകാശികളായിത്തീരുമ്പോൾ മറ്റൊരു വിഭാഗം ഭൗതികപ്രമത്തതയിലേക്കും മതവിരുദ്ധ സിദ്ധാന്തങ്ങളിലേക്കും വഴുതി വീഴുകയായിരുന്നു. രാഷ്ട്രീയത്തിന്റെയും ദർശനങ്ങളുടെയും ശാസ്ത്രത്തിന്റെയും മറ്റും പേരിൽ ദൈവവിശ്വാസത്തിൽനിന്നും ധർമബോധത്തിൽനിന്നും ആളുകളെ അകറ്റുവാൻ ശ്രമിക്കുന്നവരുടെ കെണിയിൽ പലരും ചെന്നു വീണു. വിശുദ്ധഖുർആൻ കാര്യങ്ങൾ അവതരിപ്പിക്കുന്ന യുക്തിയുക്തമായ ശൈലിയുമായും ചിന്തോദ്ദീപകമായ ദൃഷ്ടാന്തങ്ങളുമായും പരിചയപ്പെടാൻ അവസരം ലഭിക്കാതിരിക്കുകയും, ബൗദ്ധികമായ അടിത്തറയില്ലാത്ത ‘വഅളുകൾ’ കേട്ടുമടുത്തുപോവുകയും ചെയ്തതായിരുന്നു പലരെ സംബന്ധിച്ചേടത്തോളവും മതത്തോട് വിമുഖത വളരാൻ പ്രധാന കാരണം. ഇസ്‌ലാമിന്റെ കാലഹരണപ്പെടാത്ത അധ്യാപനങ്ങളുടെ കാലിക പ്രസക്തി ചിന്താശീലരെ ബോധ്യപ്പെടുത്താൻ മതപണ്ഡിതന്മാർ അപ്രാപ്തരായതും ‘ബുദ്ധിജീവി’കളുടെ മതപരിത്യാഗത്തിന്റെ കാരണങ്ങളിലൊന്നായിരുന്നു.

സ്വന്തമായി മതാചാരങ്ങൾ സൃഷ്ടിച്ചുണ്ടാക്കുകയും അവയൊക്കെ ഇസ്‌ലാമിന്റെ ഭാഗമാണെന്ന് തെറ്റിധരിപ്പിക്കുകയും ചെയ്ത പുരോഹിതന്മാരുടെ നടപടിയും ഇസ്‌ലാമിന് ഏറെ ഹാനി വരുത്തിയിട്ടുണ്ട്. ഭക്തിയുടെ പരിവേഷം കൊണ്ട് ജനങ്ങളുടെ വിശ്വാസം പിടിച്ചുപറ്റിയശേഷം അവരെ ക്രമാനുഗതമായി ചൂഷണം ചെയ്യാൻവേണ്ടി തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന പുരോഹിതന്മാർ ജനങ്ങളെ പിഴപ്പിക്കുക മാത്രമല്ല ഇസ്‌ലാമിന്റെ മൗലികതയ്ക്കും അഖണ്ഡതയ്ക്കും അപകടം വരുത്തിവെക്കുക കൂടി ചെയ്യുന്നു. പലതരം ഭക്തിമാർഗങ്ങളും (ത്വരീഖത്ത്) പ്രവാചകൻ പഠിപ്പിക്കാത്ത ആചാരങ്ങളും ഇസ്‌ലാമിന്റെ മേൽ വെച്ചുകെട്ടുന്നവർ സ്വന്തം വിശ്വാസ്യത മാത്രമല്ല ഇസ്‌ലാമിന്റെ വിശ്വാസ്യതകൂടി നഷ്ടപ്പെടുത്തുന്നു. ശരിയായ ബോധവത്കരണത്തിന് ‘പണ്ഡിതന്മാർ’ പ്രാമുഖ്യം നല്കാതിരിക്കുകയും സമുദായത്തിൽ വളർന്നുവരുന്ന അധാർമികതയും കൂടി ഇതോടൊപ്പം ചേരുകയും ചെയ്യുമ്പോൾ ഇസ്‌ലാം എല്ലാ മഹത്വങ്ങളും നഷ്ടപ്പെട്ട ഒരു സാമുദായിക മതത്തിന്റെ മേൽവിലാസം മാത്രമായി ചുരുങ്ങുന്നു.

ഈ വ്യതിയാനങ്ങളും തെറ്റുകളും തിരുത്തി ഇസ്‌ലാമിന്റെ കുറ്റമറ്റ രൂപം മാനവരാശിയുടെ മുമ്പാകെ അവതരിപ്പിക്കുകയത്രെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അവികലമായ ഇസ്‌ലാമികാദർശത്തിലേക്ക് മനുഷ്യരെ മൊത്തമായി ക്ഷണിച്ചാൽ അതിന് സ്വീകാര്യത ലഭിക്കണമെങ്കിൽ നിലവിലുള്ള മുസ്‌ലിം ലോകം മാതൃകായോഗ്യമായ അവസ്ഥയിലേക്ക് ഉയരേണ്ടതുണ്ട്. അതുകൊണ്ട് മു



സ്‌ലിം സമുദായത്തെ അനിസ്‌ലാമിക പ്രവണതകളിൽനിന്ന് മോചിപ്പിക്കുന്നതിന് ഇസ്‌ലാഹീ പ്രസ്ഥാനം മുൻഗണന നല്കുന്നു. അതോടൊപ്പം തന്നെ ഇസ്‌ലാമിനെ എല്ലാവർക്കും പരിചയപ്പെടുത്താനുള്ള ശ്രമങ്ങളിലും ഏർപ്പെടുന്നു. സൃഷ്ടിപൂജാപരവും മതനിഷേധപരവുമായ പ്രവണതകൾ മറ്റു തിന്മകളെക്കാൾ ഗുരുതരമായതിനാൽ അവയ്ക്കെതിരിലുള്ള ബോധവത്കരണത്തിന് ഇസ്‌ലാഹീ പ്രസ്ഥാനം കൂടുതൽ പ്രാധാന്യം നല്കുന്നത് സ്വാഭാവികമാണ്. മുസ്‌ലിം സമൂഹം ഒന്നടങ്കം നിഷിദ്ധമായി കരുതുന്ന കാര്യങ്ങളിൽനിന്ന് ആളുകളെ അകറ്റുന്നതിനേക്കാൾ പ്രയാസകരമാണ് പുരോഹിതന്മാർ ഇസ്‌ലാമിൽ കൂട്ടിച്ചേർത്ത അനാചാരങ്ങൾ ഒഴിവാക്കൽ എന്നതിനാൽ അനാചാര നിർമാർജനത്തിന് ഇസ്‌ലാഹീ പ്രസ്ഥാനം പ്രത്യേക ഊന്നൽ നല്കുന്നു. മറ്റു തിന്മകളോട് വിട്ടുവീഴ്ച ചെയ്യുന്നുവെന്ന് ഇതിനർഥമില്ല.

എല്ലാ പ്രബോധന സംരംഭങ്ങളിലും പ്രവർത്തന മേഖലകളിലും വിശുദ്ധ ഖുർആനും സ്ഥിരപ്പെട്ട നബിചര്യയും പ്രമാണമാക്കുക എന്നതാണ് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നീക്കുപോക്കില്ലാത്ത നിലപാട്; മനുഷ്യരുടെയും വേദഗ്രന്ഥത്തിന്റെയും ഇടയിൽ ഒരു മറയും സൃഷ്ടിക്കാതിരിക്കുക എന്ന നിലപാട്. ഖുർആനും ഹദീസും മനസ്സിലാക്കാൻ ഇന്നുള്ള മനുഷ്യർക്കൊന്നും കഴിവില്ലെന്നും, ഖുർആനും ഹദീസും ജീവിതത്തിൽ പകർത്തിയാൽ പിഴച്ചുപോകുമെന്നും, ഇമാമുകളെയും ആലിമുകളെയും പിന്തുടരാനേ നമുക്ക് അവകാശമുള്ളൂവെന്നും പ്രചരിപ്പിക്കുന്നവരുടെ ദുർബോധനങ്ങളിൽനിന്ന് മനുഷ്യമനസ്സുകളെ മോചിപ്പിച്ച് അല്ലാഹുവിലേക്കും റസൂലി(സ)ലേക്കും അവരെ തിരിച്ചുവിടാനുള്ള ശ്രമത്തിൽ ഇസ്‌ലാഹീ പ്രവർത്തകർക്ക് അതിരൂക്ഷമായ എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും എതിർപ്പുകൾക്ക് നേതൃത്വം നല്കിയവർതന്നെ ഖുർആൻ പരിഭാഷകളും ഹദീസ് പരിഭാഷകളും പ്രസിദ്ധീകരിച്ചു തുടങ്ങിയെന്നത് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നിലപാടിന് അവർ നല്കുന്ന പരോക്ഷമായ അംഗീകാരമാണ്.

വിശുദ്ധഖുർആനും പ്രബലമായ ഹദീസുകളും വിശദീകരിക്കുന്ന വിഷയത്തിൽ സ്വഹാബികളും താബിഉകളും ഉൾപ്പെടെയുള്ള സച്ചരിതരായ പൂർവികരുടെ അഭിപ്രായങ്ങൾക്കാണ് ഇസ്‌ലാഹീ പ്രസ്ഥാനം മുൻഗണന നല്കുന്നത്. ദിവ്യസൂക്തങ്ങളുടെ പ്രഥമ സംബോധിതരും പ്രവാചക നടപടികളുടെ സാക്ഷികളും ഉൾപ്പെടുന്ന ആദ്യതലമുറകൾ നല്കിയ വിശദീകരണങ്ങൾക്കാണല്ലോ കൂടുതൽ ആധികാരികതയുള്ളത്. മുസ്‌ലിം സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നുഴഞ്ഞുകയറുന്നതിനുമുമ്പ് ജീവിച്ച നേതാക്കളുടെ പാത പിന്തുടരാൻ ആഹ്വാനം ചെയ്യുന്ന ഇസ്‌ലാഹീ പ്രസ്ഥാനത്തെ എതിരാളികൾ തേജോവധം ചെയ്യുന്നത്, ‘പുത്തൻ പ്രസ്ഥാനം’ എന്ന് പേരിട്ടുകൊണ്ടാണ് എന്നത് എന്തൊരു വൈചിത്ര്യമാണ്! ഖബ്റാരാധന മുതൽ നബിദിന ഘോഷയാത്രവരെയുള്ള അനേകം നൂതന നിർമിതികൾ ഇസ്‌ലാമിന്റെ പേരിൽ വെച്ചുകെട്ടുന്നവർ ഇസ്‌ലാമിന്റെ സാക്ഷാൽ രൂപത്തെ അവമതിക്കാൻവേണ്ടി സ്വീകരിക്കുന്ന ഇത്തരം അടവുകൾ ഇപ്പോൾ മുസ്‌ലിം ബഹുജനം തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. എല്ലാ ‘ജാഹിലിയ്യത്തു’കളെയും കൂടി ഇനി ഏറെക്കാലം ദുർവ്യാഖ്യാന

ങ്ങൾകൊണ്ട് താങ്ങി നിർത്താനാവില്ലെന്ന് ബോധ്യപ്പെട്ട നേതൃത്വം അതിന്റെ ഇളംതലമുറയെ വ്യാജശൈഖുമാർക്കും ബീവിമാർക്കും 'നേർച്ചയിലെ അനാചാര'ങ്ങൾക്കും എതിരിൽ തിരിച്ചുവിട്ടതാണല്ലോ സമീപകാലത്തെ വിശേഷം.

പക്ഷേ, അല്ലാഹുവല്ലാത്ത പലർക്കും അദൃശ്യജ്ഞാനവും അഭൗതിക കഴിവുകളും ഉണ്ട് എന്ന തെറ്റായ വിശ്വാസം തിരുത്താൻ ഭൂരിപക്ഷത്തിന്റെ നേതൃത്വം അവകാശപ്പെടുന്നവർ ഇനിയും വിസമ്മതിക്കുന്നതുനിമിത്തം ബഹുദൈവത്വപരമായ ആരാധനാനുഷ്ഠാനങ്ങൾ മുസ്‌ലിം സമൂഹത്തിൽ അഭംഗുരം തുടരുകയാണ്. അഭൗതികമായ ആഗ്രഹസഫലീകരണത്തിന് അല്ലാഹുവല്ലാത്തവരെ ആശ്രയിക്കുന്നതിൽ ഒട്ടും അനൗചിത്യം ദർശിക്കാത്ത 'പണ്ഡിതന്മാർ' ശവകുടീരവ്യവസായത്തെ സ്ഥിരമായി നിലനിർത്തുകയും ജനങ്ങളെ നിരന്തരം ശിർക്കിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഈ അവസ്ഥ തുടരുന്നേടത്തോളം വിശ്വാസപരമായ വ്യതിയാനത്തിനെതിരിലുള്ള ബോധവത്കരണം ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ മുൻഗണനാപട്ടികയിൽ തന്നെയായിരിക്കും.

ദൈവനിഷേധത്തിലേക്കും ഭൗതിക പ്രമത്തതയിലേക്കും വഴുതിപ്പോകുന്നവർക്ക് ഇസ്‌ലാമിന്റെ യുക്തിപരതയും കാലികപ്രസക്തിയും ബോധ്യപ്പെടുത്തുന്നതിനാണ് അടുത്ത മുൻഗണന. നൂതന നിർമിതികൾ ഒഴിവാക്കിക്കൊണ്ട് ഇസ്‌ലാമിന്റെ മൗലികവും പ്രാമാണികവുമായ രൂപം അഖണ്ഡമായി നിലനിർത്തുന്നതിനാണ് തൊട്ടടുത്ത സ്ഥാനം. അധാർമികവും അസാന്മാർഗികവുമായ പ്രവണതകൾ ജീവിതത്തിന്റെ ഏത് മേഖലയിൽ സ്വാധീനം സ്ഥാപിക്കുന്നതിനെയും ചെറുക്കുന്നതിന് ഇസ്‌ലാഹീ പ്രസ്ഥാനം ഒട്ടും കുറയാത്ത പ്രാധാന്യം കല്പിക്കുന്നു.

അവിശ്വാസത്തിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമൂഹത്തെ മോചിപ്പിക്കാൻ ഗുണകാംക്ഷാനിർഭരമായ ശൈലിയും സമീപനവും മാത്രമേ സ്വീകരിക്കാവൂ എന്നതാണ് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നിലപാട്. പരേതാത്മാക്കളോട് പ്രാർഥിക്കുന്നതിനെ എതിർക്കുന്നുവെങ്കിലും പുണ്യാത്മാക്കളെ അനാദരിക്കരുതെന്നും, ഏതെങ്കിലും മദ്ഹബിനെ അന്ധമായി അനുകരിക്കുന്നതിനോട് വിയോജിക്കുന്നുവെങ്കിലും ഇമാമുകളുടെ പാണ്ഡിത്യത്തെയും സേവനത്തെയും അംഗീകരിക്കണമെന്നും ഇസ്‌ലാഹീ പ്രസ്ഥാനം നിഷ്കർഷിക്കുന്നു. അടിസ്ഥാനപരമായ കാരണങ്ങളാൽചില സംഘടനകളോട് ചില വിഷയങ്ങളിൽ വിയോജിക്കുന്നുവെങ്കിലും അഭിപ്രായവ്യത്യാസങ്ങൾക്കതീതമായ വിഷയങ്ങളിൽ മറ്റുള്ളവരോട് സഹകരിക്കാൻ പ്രസ്ഥാനത്തിന് യാതൊരു വൈമനസ്യവുമില്ല. എല്ലാവിധ മുൻവിധികളിൽനിന്നും സങ്കുചിതത്വങ്ങളിൽനിന്നും മുക്തമായ ഇസ്‌ലാഹീ പ്രസ്ഥാനം ജനങ്ങളെ ക്ഷണിക്കുന്നത് ഒരു സംഘടനയുടെ നയപരിപാടികളിലേക്കല്ല, ലോക രക്ഷിതാവിന്റെ ഗ്രന്ഥത്തിലേക്കും പ്രവാചകതിരുമേനിയുടെ ചര്യയിലേക്കുമാണ്.

വിശ്വാസ – കർമ രംഗങ്ങളിലെ തകരാറുകളും ദൂഷ്യങ്ങളും നിർമാർജനം ചെയ്ത് വ്യക്തികളെയും സമൂഹങ്ങളെയും നന്നാക്കുകയും സമുദ്ധരിക്കുകയും ചെയ്യുക എന്നതാണ് ഇസ്‌ലാഹു കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. മനുഷ്യരെ നന്നാക്കുകയും സമുദ്ധരിക്കുകയും ചെയ്ത പ്രവാചകന്മാർ ഇഹലോകത്തെയും പരലോകത്തെയും സൗഭാഗ്യമാണ് കരസ്ഥമാക്കിയത്. അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) ശിർക്കിൽ നിന്നും തെറ്റായ വിശ്വാസ – ആചാര നടപടികളിൽ നിന്നും സമൂഹത്തെ സമുദ്ധരിച്ച് അവരെ നന്മയുടെ പാതയിലേക്കു നയിച്ചു. കാലക്രമത്തിൽ സമൂഹത്തിൽ വ്യതിയാനങ്ങൾ കടന്നുകൂടി. ശിർക്കുപരമായ പ്രവൃത്തികളിലേക്കു വഴുതി, തിന്മകൾ പലതും പ്രചരിച്ചു. ഈ അവസരത്തിൽ അവരെ സമുദ്ധരിക്കാൻ പണ്ഡിതന്മാരും നേതാക്കളും രംഗത്തുവന്നു. ഏറ്റവും നിസ്സാരമായ വ്യതിയാനം പോലും തിരുത്താൻ പൂർവികന്മാർ ശ്രദ്ധിച്ചിരുന്നു.



ഒരാൾ തുമ്മിയശേഷം 'അൽഹംദുലില്ലാ' എന്ന വാചകത്തോടൊപ്പം 'വസ്സലാത്തു വസ്സലാമു അലാ റസൂലില്ലാ' എന്നു കൂടി കൂട്ടിപ്പറയുന്നത് അബ്ദുല്ലാഹിബ്നു ഉമറി(റ)ന്റെ ശ്രദ്ധയിൽ പെട്ടു. ഉടനെ അദ്ദേഹം അവരെ തിരുത്തി. റസൂൽ(സ) ഇങ്ങനെയല്ല പഠിപ്പിച്ചതെന്ന് ഉണർത്തി. ഉമറുബ്നു അബ്ദിൽഅസീസിന്റെ കാലമായപ്പോഴേക്കും ബിദ്അത്തുകൾ സമൂഹത്തിൽ പ്രചരിച്ചിരുന്നു. "ചെറുപ്പക്കാർ ബിദ്അത്തിലാണ് വളർന്നത്. വൃദ്ധന്മാർ അതും കണ്ടാണ് മരിച്ചത്. ജനങ്ങൾ അതു മാത്രമാണ് മതമെന്നു ധരിക്കുന്നു. അവരുടെ ദൃഷ്ടിയിൽ സത്യം വേറെയില്ല." ഖലീഫ വ്യാകുലപ്പെട്ടു.

ഇമാം അഹ്മദുബ്നു ഹമ്പൽ വിശ്വാസരംഗത്ത് ശക്തിയാർജിച്ച തിന്മക്കെതിരെ ധീരമായി പോരാടിയ ആദർശശാലിയാണ്. ഖുർആൻ സൃഷ്ടിയാണെന്ന പുതിയ വിശ്വാസം ഭരണാധികാരികളുടെ പിന്തുണയോടെ ചിലർ ശക്തിയായി പ്രചരിപ്പിച്ചു. അത് ഉൾക്കൊള്ളാൻ തയ്യാറാവാത്തവരെ കഠിനമായി പീഡിപ്പിച്ചു. അഹ്മദുബ്നു ഹമ്പൽ ഈ നവീന വാദം അംഗീകരിക്കാൻ തയ്യാറായില്ല. ചങ്ങലയിൽ ബന്ധിക്കുകയും പട്ടിണിക്കിടുകയും ചെയ്തുവെങ്കിലും ആ ആദർശശാലിയായ പണ്ഡിതൻ കുലുങ്ങിയില്ല. തിന്മക്കെതിരെ ഇത്രയും സുദൃഢമായ നീക്കമാണ് ഇസ്‌ലാഹിൽ ഏർപ്പെട്ടവർ നടത്തിയിരുന്നത്.

ബാഗ്ദാദും സ്പെയിനും മുസ്‌ലിംകൾക്ക് നഷ്ടപ്പെടുകയും തിളക്കമാർന്ന മുസ്‌ലിം മുന്നേറ്റം സ്തംഭിക്കുകയും ചെയ്ത ഹി. ഏഴാം നൂറ്റാണ്ടിൽ മുസ്‌ലിംകളിൽ മരവിപ്പു ശക്തമാകുക മാത്രമല്ല, ശിർക്കും അന്ധവിശ്വാസങ്ങളും വ്യാപകമായി പ്രചരിക്കുകയും പുരോഗതിയുടെ മാർഗങ്ങളിൽ നിന്ന് അവർ പിന്തള്ളപ്പെടുകയും ചെയ്തു. നിരാശാജനകമായ സാഹചര്യത്തിലാണ് ഇബ്നുതൈമിയ (ഹി. 661 ക്രി. 1263) എന്ന ജ്യോതിസ്സ് പ്രത്യക്ഷപ്പെടുന്നത്. പ്രഗത്ഭ പണ്ഡിതനും ഗ്രന്ഥകാരനും പൂർവികരുടെ വിജ്ഞാനങ്ങൾ സമ്പാദിച്ച സർവകലാവല്ലഭനുമായിരുന്ന ഇബ്നുതൈമിയയുടെ പ്രാഗത്ഭ്യം അദ്ദേഹത്തിന്റെ പ്രതിയോഗികൾ പോലും പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. പതിനേഴാം വയസ്സിൽ ഫത്‌വ നല്കാൻ ആരംഭിച്ച ഇബ്നുതൈമിയ മുസ്‌ലിംകൾക്കിടയിൽ പടർന്നുപിടിച്ച തെറ്റായ വിശ്വാസാചാരങ്ങൾക്കെതിരിൽ സധീരം ശബ്ദമുയർത്തി. പലവട്ടം ജയിലിൽ അടക്കപ്പെട്ടു. മൂന്നു ത്വലാഖ് ഒന്നിച്ചുചൊല്ലിയാൽ ഒന്നേ പോവുകയുള്ളൂവെന്നും അദ്ദേഹം ഫത്‌വ നല്കി. ഈ ഫത്‌വ ജനങ്ങളിൽ പ്രകോപനം സൃഷ്ടിക്കുമെന്ന് ചൂണ്ടിക്കാട്ടി അദ്ദേഹത്തെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ചിലർ ശ്രമം നടത്തി. വിജ്ഞാനം ഒളിച്ചുവെക്കാൻ തനിക്കു നിവൃത്തിയില്ല എന്നതായിരുന്നു ഇബ്നുതൈമിയയുടെ മറുപടി. ഇതിന്റെ പേരിൽ അദ്ദേഹത്തിന് ആറു

മാസം ജയിൽ ശിക്ഷ വിധിക്കപ്പെട്ടു. ജാറങ്ങളും മഖ്ബറകളും പുണ്യത്തിനു
വേണ്ടി സന്ദർശിക്കാൻ പാടില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കെട്ടിപ്പൊക്കിയ
ഖബ്റുകൾ അദ്ദേഹം പൊളിച്ചു മാറ്റി. ജനം അദ്ദേഹത്തെ ഒരു കോട്ടക്കുള്ളിൽ
അടച്ചുപൂട്ടി. പുസ്തകങ്ങളും മഷിയും എഴുതാനുള്ള ഏടുകളും പുറ
ത്തേക്കുവലിച്ചെറിഞ്ഞു. അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ സംഭാവന ചെയ്തശേഷം
അദ്ദേഹം ഹി. 728ൽ അന്തരിച്ചു. ശേഷംവന്ന പരിഷ്കരണവാദികളെല്ലാം ഇബ്നു
തൈമിയയുടെ ചിന്തകളിൽ ആകൃഷ്ടരായി പ്രവർത്തിച്ചവരത്രെ. ഹി. 691ൽ
ജനിച്ച ഇബ്നുൽ ഖയ്യിം, ഇബ്നുതൈമിയയുടെ പ്രഗത്ഭനായ ശിഷ്യനും
'സാദുൽമആദ്' എന്ന സുപ്രസിദ്ധ കൃതിയുടെ കർത്താവുമാണ്.

ഇബ്നുതൈമിയക്കു ശേഷം വീണ്ടും ഇരുട്ടിലായ മുസ്‌ലിം ലോകത്തിന് ഒരു
രക്ഷകൻ വന്നത് ഹി. 1115 (ക്രി. 1703)ൽ ആണ്. ഇബ്നുതൈമിയയുടെ ഗ്രന്ഥ
ങ്ങൾ പഠിച്ച് അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഉദ്ധാരണപ്രവർത്തനത്തി
നിറങ്ങിയ മഹാനാണ് നജ്ദിൽ ഭൂജാതനായ മുഹമ്മദുബ്നു അബ്ദിൽവ
ഹ്ഹാബ്. മുസ്‌ലിം സമുദായത്തിനേറ്റ അധപ്പതത്തിനു കാരണം തൗഹീദിൽ
നിന്നുള്ള വ്യതിയാനമാണെന്നു കണ്ടെത്തിയ ശൈഖ് ശിർക്കിനും അന്ധവിശ്വാ
സങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരം നടത്തി. നൂൽ മന്ത്രിച്ചൂതുന്നതും
ഉറുക്കു കെട്ടുന്നതും മഹാന്മാരുടെ മഖ്ബറകൾക്ക് പ്രത്യേകം പ്രാധാന്യം കൊടു
ക്കുന്നതും തെറ്റാണെന്ന് അദ്ദേഹം സമർഥിച്ചു. മഖ്ബറകൾ പൊളിച്ചു നീക്കി.
ജനങ്ങൾ പൂജിക്കുന്ന വൃക്ഷങ്ങൾ വെട്ടിമുറിച്ചു. ഈ ചെയ്തികൾ കാരണം
ശൈഖ് ക്രൂരമായി മർദിക്കപ്പെട്ടു. വരണ്ട മരുഭൂമിയിലൂടെ ഒരു തുള്ളി ദാഹജ
ലം പോലും നല്കാതെ ശത്രുക്കൾ അദ്ദേഹത്തെ തെളിച്ചുകൊണ്ടുപോയി കാഫി
റാണെന്നു ഫത്‌വ നല്കി.

ക്രി. 1791ൽ ഇബ്നു അബ്ദിൽ വഹ്ഹാബ് നിര്യാതനായെങ്കിലും അദ്ദേഹ
ത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട പണ്ഡിതന്മാർ രംഗത്തുവന്നു. 1172ൽ ഭൂജാ
തനായ ഇമാം ശൗകാനി തഖ്‌ലീദിനെ വിമർശിച്ചുകൊണ്ട് ഒരു ഗ്രന്ഥം രചിച്ച
പ്പോൾ ആ കാലഘട്ടത്തിലെ പണ്ഡിതന്മാർ അദ്ദേഹത്തിനെതിരെ കടുത്ത ആ
ക്ഷേപശരം വർഷിച്ചു. അദ്ദേഹത്തിന്റെ 'നൈലുൽ ഔത്വാർ' എന്ന ഗ്രന്ഥം
ഹദീസുകളുടെ അടിസ്ഥാനത്തിൽ മതവിധികൾ കണ്ടുപിടിക്കാനുള്ള ഒരു ആധി
കാരിക രേഖയാണ്.

ഇബ്നുസുഊദ് (ക്രി. 1765) അബ്ദുൽവഹ്ഹാബിന്റെ ആശയങ്ങൾ സ്വീക
രിച്ചതോടെ സഊദി അറേബ്യ ഇവയുടെ ഒരു പ്രസരണകേന്ദ്രമായിമാറി. ഹ
ജ്ജിനു വരുന്നവരെല്ലാം തിരിച്ചുപോകുമ്പോൾ ഈ ആശയവും കൂടെ വഹി
ച്ചുകൊണ്ടുപോകുമായിരുന്നു. അങ്ങനെ മക്ക ലോകത്തിന്റെ വിവിധ ഭാഗങ്ങ
ളിലേക്ക് ഇസ്‌ലാഹി ആദർശം ജ്വലിപ്പിച്ചുകൊണ്ടിരുന്നു.

ക്രി. 1839ൽ അഫ്ഗാനിസ്താനിൽ ഭൂജാതനായ ജമാലുദ്ദീൻ അഫ്ഗാനി
മുസ്‌ലിം സമുദായത്തിന്റെ അധഃസ്ഥിതിയോർത്തു മനംനൊന്ത് ഉദ്ധാരണ പ്ര
വർത്തനത്തിലേർപ്പെട്ട മഹാനാണ്. ബ്രിട്ടീഷാധിപത്യത്തിന്റെ നുകത്തിൽ
മുസ്‌ലിംസമൂഹം കഴിയുന്നേടത്തോളം അതിനു പുരോഗതി നേടാൻ കഴിയുക
യില്ലെന്നു മനസ്സിലാക്കിയ അദ്ദേഹം സ്വാതന്ത്ര്യസമരത്തിന് ജനങ്ങളെ ആഹ്വാനം



ചെയ്തു. നവോത്ഥാന പതാകയുമേന്തി ഈജിപ്തിലെത്തിയ അഫ്ഗാനി 'അൽ
ഉർവതുൽവുസ്ഖാ' എന്ന പത്രം പ്രസിദ്ധീകരിച്ച് ലോകത്തുടനീളം നവോത്ഥാന
ചിന്ത ഇളക്കി വിട്ടു. 1889ൽ അഫ്ഗാനി അന്തരിക്കുമ്പോൾ ഉത്തമനായ ഒരു
ശിഷ്യനെ അദ്ദേഹം സംഭാവന ചെയ്തിരുന്നു. ഹി. 1266ൽ ഭൂജാതനായ മുഹ
മ്മദ് അബ്ദുവാണ് ആ ഉത്തമശിഷ്യൻ. അഫ്ഗാനിയുടെ വിപ്ലവാശയങ്ങൾ
ഉൾക്കൊണ്ടതിന്റെ പേരിൽ ഈജിപ്തിൽ നിന്ന് പാരീസിലെത്തി അദ്ദേഹം ഗുരു
വിനോടൊപ്പം പ്രവർത്തിക്കുകയായിരുന്നു. പിന്നെ ഈജിപ്തിലേക്കു തന്നെ
തിരിച്ചെത്തി അൽഅസ്ഹറിൽ അധ്യാപകനായി ചേർന്നു. 1905ൽ അദ്ദേഹം മര
ണപ്പെടുമ്പോൾ തന്റെ ആശയങ്ങളുടെ പതാകവാഹകനായി ഉത്തമനായ ഒരു
ശിഷ്യനെ വാർത്തെടുത്തിരുന്നു. സയ്യിദ് റശീദ് രിദാ. പ്രഗത്ഭ ചിന്തകനും എഴു
ത്തുകാരനുമായ സയ്യിദ് റശീദ് രിദായുടെ അൽമനാർ മാസിക ലോകത്ത് വമ്പി
ച്ച ചലനം സൃഷ്ടിച്ചു. അറബിഗ്രന്ഥങ്ങളിൽ വിശേഷിച്ചും തഫ്സീറുകളിൽ കട
ന്നുകൂടിയ തെറ്റുകൾ അദ്ദേഹം തുറന്നുകാണിച്ചു. ലോകത്ത് പല പണ്ഡിത
ന്മാരിലും 'അൽമനാർ' വിപ്ലവചിന്ത സൃഷ്ടിച്ചു. 1935ൽ സയ്യിദ് രിദാ അന്തരി
ച്ചുവെങ്കിലും അദ്ദേഹം ഇളക്കിവിട്ട ചിന്താ വിപ്ലവം സർവത്ര പ്രചരിച്ചിരുന്നു.

ഈജിപ്തിലെ ചലനങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോ
ഴേക്കും കേരളത്തിലേക്കും പടർന്നുപിടിച്ചിരുന്നു. 1847ൽ വെളിയങ്കോട് ജനിച്ച
സനാഉല്ല മക്തിതങ്ങൾ വിവിധ ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്നു. തങ്ങ
ൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിൽ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും ജോലി
രാജി വെച്ച് സമുദായ പരിഷ്കരണ സംരംഭത്തിൽ ഏർപ്പെട്ടു. റാത്തീബ്, നേർച്ച,
ചന്ദനക്കുടം, മൗലൂദ്, മാലപ്പാട്ട് തുടങ്ങിയവയെ എതിർക്കുന്നതിൽ അദ്ദേഹ
ത്തിന്റെ ശ്രമം വിജയിച്ചു. "ഇംഗ്ലീഷ് ഭാഷ നരകഭാഷയും സ്വന്തം ഭാഷയായ മല
യാളം ഹിന്ദുശാസ്ത്ര ഭാഷയും ആകയാൽ അതു രണ്ടും പഠിക്കുന്നതിൽ മത
വിരോധമുണ്ടെന്നു ധരിപ്പിക്കുന്ന മതപണ്ഡിതന്മാരെ അദ്ദേഹം രൂക്ഷമായി
വിമർശിച്ചു.

1922ൽ അന്തരിച്ച ഹമദാനിശൈഖ് മലബാറിലെ പല ഭാഗങ്ങളിലും ചുറ്റി
ക്കറങ്ങി ഉദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും മുസ്‌ലിം ഐക്യത്തിന് ആ
ഹ്വാനം നല്കുകയും ചെയ്തു. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ തുടക്ക
മായ നിഷ്പക്ഷസംഘം രൂപീകരിച്ചപ്പോൾ അതിൽ അധ്യക്ഷത വഹിച്ചത് ഹമ
ദാനിശൈഖ് ആയിരുന്നു.

ഹി. 1321ൽ നിര്യാതനായ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി പൂർണമായും
മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെ ചിന്താ-കർമ രീതിയിലായിരുന്നില്ലെ
ങ്കിലും കേരളത്തിൽ അറബി വിദ്യാഭ്യാസരംഗത്ത് വിശേഷിച്ച് മദ്റസാ വിദ്യാ
ഭ്യാസത്തിൽ അദ്ദേഹം വലിയ പരിഷ്കരണം ഏർപ്പെടുത്തി. അദ്ദേഹം നടത്തി
യിരുന്ന വാഴക്കാട്ടെ ദർസ് പുരോഗമന ചിന്താഗതിക്കാരായ ധാരാളം പണ്ഡി
തന്മാരെ വാർത്തെടുത്തു.

ക്രി. 1873ൽ ഭൂജാതനായ വക്കം അബ്ദുൽഖാദിർ മൗലവിയെ കേരളത്തിന്റെ
മൊത്തം നവോത്ഥാന നായകരിൽ പ്രമുഖനായി അംഗീകരിക്കപ്പെടുന്നു. സ്കൂൾ
വിദ്യാഭ്യാസത്തിനു മുസ്‌ലിംകളെ പ്രേരിപ്പിക്കുകയും മദ്റസാപഠനം പരിഷ്ക

രിക്കുകയും ചെയ്ത മൗലവി സ്വാതന്ത്ര്യസമരത്തിന്റെ ശക്തനായ പോരാളിയായിരുന്നു. രാമകൃഷ്ണപിള്ളയെ പത്രാധിപരായി നിയമിച്ചുകൊണ്ട് അദ്ദേഹം 'സ്വദേശാഭിമാനി' പത്രം ആരംഭിച്ചു.

1922ൽ സംഘടിത ഇസ്‌ലാഹി പ്രവർത്തനത്തിന്റെ വേദിയായ കേരള മുസ്‌ലിം ഐക്യസംഘം എറിയാട്ടുവെച്ച് രൂപീകൃതമായി. 1923ൽ ഇതിന്റെ പ്രഥമ വാർഷികയോഗത്തിൽ അധ്യക്ഷത വഹിച്ചത് വക്കം മൗലവിയായിരുന്നു. ഐക്യസംഘത്തിന്റെ വാർഷിക യോഗത്തിൽ പണ്ഡിതന്മാരുടെ പൊതുവേദി എന്ന നിലക്ക് കേരള ജംഇയ്യത്തുൽ ഉലമാ എന്ന സംഘടനക്ക് രൂപം നല്കപ്പെട്ടു. ഇതിൽ എല്ലാ വിഭാഗത്തിൽപെട്ട പണ്ഡിതന്മാരും അംഗങ്ങളായി ഉണ്ടായിരുന്നുവെങ്കിലും പിന്നീട് പണ്ഡിതന്മാരിൽ ഒരു വിഭാഗം വേറിട്ടുപോയി സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപിച്ചു. 1934ൽ കേരളത്തിൽ ഇസ്‌ലാഹി പ്രവർത്തനത്തിന്റെ ചുമതലകൾ കേരള ജംഇയ്യത്തുൽ ഉലമായിൽ അർപ്പിച്ച് മുസ്‌ലിം ഐക്യസംഘം പിൻവാങ്ങി. എന്നാൽ കേരള ജംഇയ്യത്തുൽ ഉലമ പണ്ഡിതന്മാരുടെ വേദി മാത്രമായിരുന്നതിനാൽ പൊതുജനങ്ങൾക്കുകൂടി പങ്കാളിത്തമുള്ള ഒരുവേദി എന്ന നിലക്ക് 1950ൽ കേരള നദ്‌വത്തുൽ മുജാഹിദീൻ സ്ഥാപിതമായി. 1967ൽ നദ്‌വത്തിന്റെ യുവജന വിഭാഗമായ ഐ എസ് എമ്മും 1971ൽ വിദ്യാർഥി വിഭാഗമായ എം എസ് എമ്മും തുടർന്ന് വനിതാ വിഭാഗമായ എം ജി എമ്മും രൂപീകരിക്കപ്പെട്ടു.

ഒരേ ആദർശ പ്രചാരണത്തിനായി വ്യത്യസ്ത പേരുകളിൽ വ്യത്യസ്ത തലങ്ങളിൽ ഇസ്‌ലാഹീ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം, അഖിലേന്ത്യാ അടിസ്ഥാനത്തിൽ അഹ്‌ലേ ഹദീസ്, വ്യത്യസ്ത അറബ് നാടുകളിലെ സലഫീ പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ മൗലികമായി ഒരേ പ്രബോധന പ്രവർത്തനമാണ് നിർവഹിക്കുന്നത്. ദൈവമാർഗത്തിൽ സമരസന്നദ്ധരായവർക്ക് ഖുർആൻ പ്രയോഗിച്ച വിശേഷണമാണ് മുജാഹിദ്. ഒഴിവുകഴിവുകൾ പറഞ്ഞ്, പ്രവർത്തനമാർഗത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നവരേക്കാൾ സവിശേഷതയും മഹത്വവും മുജാഹിദുകൾക്ക് അല്ലാഹു നൽകിയിരിക്കുന്നുവെന്ന് ഖുർആൻ പറയുന്നു.

മനുഷ്യർക്കിടയിൽ വിദ്വേഷം വളർത്തുന്ന എല്ലാ വിധത്തിലുമുള്ള വിഭാഗീയ മനോഭാവങ്ങളെയും മുജാഹിദ് പ്രസ്ഥാനം തുറന്നെതിർക്കുന്നു. തീവ്രവാദ പ്രവണതകൾ കേരളത്തിൽ നാമ്പെടുത്തപ്പോൾ അതിനെ പരസ്യമായി എതിർത്ത് കാമ്പയിൻ നടത്തിയത് മുജാഹിദ് പ്രസ്ഥാനമായിരുന്നു. 1992ലെ ബാബ്‌രി മസ്ജിദ് തകർച്ചയുടെ ശേഷമാണ് കേരളത്തിലെ ചില മുസ്‌ലിംകൾക്കിടയിൽ തീവ്രവാദ മനോഭാവം മുളപൊട്ടിയത്. അന്നും ഇന്നും അതിനെതിരെയുള്ള സമരത്തിലാണ് മുജാഹിദുകൾ.

ഇസ്‌ലാമിക വിശ്വാസാചാരങ്ങളുടെ മൗലികമായ ലക്ഷ്യം ഭരണം സ്ഥാപിക്കലാണ് എന്ന് സിദ്ധാന്തിക്കുന്ന മതരാഷ്ട്രവാദം ഇസ്‌ലാമിനന്യമാണ് എന്ന് ഇസ്‌ലാഹീ പ്രസ്ഥാനം ജനങ്ങളെ പഠിപ്പിച്ചു. ജനാധിപത്യ ഭരണക്രമം നിലനില്ക്കുകയും മതനിരപേക്ഷത നയമായി സ്വീകരിക്കുകയും ചെയ്ത ഇന്ത്യാരാജ്യത്ത് ന്യൂനപക്ഷമായ മുസ്‌ലിംകൾ ഭരണഘടനാദത്തമായ സ്വാതന്ത്ര്യം ഉപ



യോഗപ്പെടുത്തിക്കൊണ്ട് ഇസ്‌ലാമിന്റെ അവികലവും അന്യൂനവും കാലാതിവർത്തിയുമായ തത്വസംഹിതകൾ മുസ്‌ലിംകൾക്കിടയിലെന്നപോലെ ഇതരസമൂഹങ്ങൾക്കു മുന്നിലും അവതരിപ്പിക്കുകയാണ് വേണ്ടത് എന്നാണ് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നിലപാട്.

ഇങ്ങനെ നാനോന്മുഖമായ നന്മകൾ സമൂഹത്തിന് ചെയ്തുകൊണ്ടിരിക്കുന്ന മുജാഹിദ് പ്രസ്ഥാനത്തെ അടുത്തറിയാനും സാധിക്കാവുന്നിടത്തോളം സഹകരിക്കാനും ഏവരെയും ഞങ്ങൾ ക്ഷണിക്കുകയാണ്. അതിനുള്ള അവസരമൊരുക്കിക്കൊണ്ട് 2008 ഫെബ്രുവരി 7 മുതൽ 10 വരെ ഇസ്‌ലാം നീതിക്ക് നന്മയ്ക്ക് എന്ന പ്രമേയവുമായി വയനാട് ജില്ലയിലെ പനമരത്ത് സംഘടിപ്പിക്കുന്ന ഏഴാമത് മുജാഹിദ് സമ്മേളനത്തിലേക്ക് നിങ്ങൾക്ക് സ്വാഗതം.

**ISLAM FOR JUSTICE & GOODNESS**

# MUJAHID 7th STATE CONFERENCE WAYANAD

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-204604